ഹെൽത്ത് റെക്കോർഡിന്റെ സഹായത്തോടെ നടത്തിവരുന്നു. കുട്ടികളിൽ കാണപ്പെടുന്ന എല്ലാ അസുഖങ്ങൾക്കും പരിശോധന മുതൽ തുടർ ചികിത്സ വരെ തികച്ചും സൗജന്യമായി ആർ.ബി.എസ്.കെ./ആരോഗ്യ കിരണം പദ്ധതി മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്.

(സി) സ്കൂൾ ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പ് കൃത്യമായും സമയാധിഷ്ഠിതമായും നടത്തുന്നതിനുവേണ്ടി സംസ്ഥാനതലം മുതൽ പഞ്ചായത്തുതലം വരെ വകുപ്പുമേധാവികളുടെ നേതൃത്വത്തിൽ വിവിധ അവലോകനങ്ങൾ നടത്തിവരുന്നു.

പദ്ധതി നടത്തിപ്പ് അവലോകനം താഴെ പറയും പ്രകാരം നടന്നുവരുന്നു:

1. സംസ്ഥാനതലത്തിൽ ജില്ലാ ഓഫീസർമാരുടെ എസ്.എം.ഒ. കോൺഫറൻസിൽ സ്കൂൾ ഹെൽത്ത് പദ്ധതിയെക്കുറിച്ചും ആർ.ബി.എസ്.കെ. പദ്ധതീയെക്കുറിച്ചും വിശദമായ ജില്ലാതല അവലോകനം നടക്കുന്നു.

2. തുടർന്ന് ജില്ലാതലത്തിൽ നടക്കുന്ന ഡി.എം.ഒ. കോൺഫറൻസിൽ മേൽപദ്ധതിയുടെ ബ്ലോക്ക്തല അവലോകനവും പ്രശ്നപരിഹാരത്തിനുള്ള ചർച്ചകളും നടക്കുന്നു.

3. ഡി.എം.ഒ. കോൺഫറൻസിനുശേഷം നടക്കുന്ന ബ്ലോക്ക് മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിലും പി.എച്ച്.സി. കോൺഫറൻസിലും സ്കൂൾ ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നു.

4. സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ സ്കൂൾതല പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ മാസംതോറുമുള്ള റിവ്യൂ മീറ്റിംഗ് നടന്നുവരുന്നു.

5. സ്കൂൾ ഹെൽത്ത്/ആർ.ബി.എസ്.കെ. ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റേഴ്സ് 30-ൽ കുറയാതെ സ്കൂളുകളും 5 മുതൽ 10 വരെ അങ്കണവാടികളും സന്ദർശിച്ച് നേരിട്ടുള്ള അവലോകനം നടത്തുന്നു.

ഔഷധകൃഷിക്കായി കേന്ദ്ര ഫണ്ട്

23 (*383) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ കൃഷിക്കായി കേന്ദ്രത്തിൽനിന്നും മൊത്തം അനുവദിച്ച ഫണ്ട് എത്ര; ഇതിൽ ചെലവഴിക്കാത്ത തുകയെത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഔഷധ കൃഷിക്കായി ആവിഷ്കരിച്ചു നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഈ പദ്ധതികൾ ഫലവത്താക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഔഷധ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) :

(എ) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഭാരതീയ ചികിത്സാ വകുപ്പിലും മറ്റ് സ്ഥാപനങ്ങളിലും ഔഷധകൃഷിക്കായി കേന്ദ്രത്തിൽനിന്നും അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

വകുപ്പ്/സ്ഥാപനം	അനുവദിച്ച തുക	ലഭിച്ച തുക	ചെലവഴിക്കാത്ത തുക
ഭാരതീയ ചികിത്സാ വകുപ്പ്	21 ലക്ഷം രൂപ	11 ലക്ഷം രൂപ	ഇല്ല
സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്	56.09 ലക്ഷം രൂപ	29.96 ലക്ഷം രൂപ	37000 രൂപ
ഔഷധി	100 ലക്ഷം രൂപ	89.66 ലക്ഷം രൂപ	4,50,000 രൂപ

(ബി) സംസ്ഥാനത്ത് ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി സംസ്ഥാന ഔഷധ സസ്യബോർഡ് ഗ്രഹാങ്കണത്തിൽ ഔഷധോദ്യാനം ദേശീയ നെല്ലിമിഷൻ, സ്കൂളിലൊരു ഔഷധത്തോട്ടം, ഗ്രഹാങ്കണത്തിൽ അശോകവും ചന്ദനവും തുടങ്ങിയ ജനപ്രിയ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ തനത് ആവാസ വ്യവസ്ഥയിലെയും ആവാസവ്യവസ്ഥയ്ക്ക് പുറമെയുമുള്ള ഔഷധ സസ്യസംരക്ഷണം, ജില്ലാതല ഔഷധ സസ്യ ഉദ്യാനങ്ങൾ, സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലെ ഔഷധസസ്യ ഉദ്യാനങ്ങൾ, ബോധവത്കരണം, ഗ്രണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉത്പാദനം തുടങ്ങി ഔഷധ സസ്യമേഖലയെ പരിപോഷിപ്പിക്കാനുതകുന്ന വിവിധ പദ്ധതികൾ സംസ്ഥാന ഔഷധ സസ്യബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. ഇവയെല്ലാംതന്നെ ഫലവത്താക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന ഔഷധസസ്യ ബോർഡ് നിലവിൽ വിജയകരമായി നടപ്പാക്കിവരുന്ന പദ്ധതികളായ ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം, സ്കൂളിലൊരു ഔഷധത്തോട്ടം, സർക്കാർ സർക്കാരിതര തരിശുഭൂമികളിലെ ഔഷധ സസ്യകൃഷി, വനംവകുപ്പുമായി സഹകരിച്ചുള്ള ഔഷധ സസ്യകൃഷി, ഉണമേന്മയുള്ള ഔഷധസസ്യങ്ങളുടെ ഉത്പാദനം, തനത് ആവാസ വ്യവസ്ഥയിലെയും ആവാസവ്യവസ്ഥയ്ക്ക് പുറമെയുമുള്ള ഔഷധസസ്യ സംരക്ഷണം തുടങ്ങിയവ കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഔഷധ സസ്യകൃഷി കൂടുതൽ ജനകീയമാക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഔഷധസസ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ടും കർഷക സംഘങ്ങളുടെ സഹായ സഹകരണത്തോടും ദേശീയ ഔഷധസസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടുംകൂടി ഗ്രാമീണം എന്ന പദ്ധതി നടപ്പാക്കാൻ സംസ്ഥാന ഔഷധസസ്യ ബോർഡ് ലക്ഷ്യമിടുന്നു. കൂടാതെ ഔഷധിയുടെ കൂട്ടനെല്ലൂരുള്ള പ്ലാന്റേഷനിലും കണ്ണൂർ ജില്ലയിലെ പരിയാരത്തുള്ള പ്ലാന്റേഷനിലും ഉദ്ദേശം 100000 ഔഷധ സസ്യങ്ങൾ ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അടുത്ത വർഷം കണ്ണൂർ ജില്ലയിലെ പരിയാരത്തുള്ള പ്ലാന്റേഷനിൽ ചുരുങ്ങിയത് അഞ്ച് ഏക്കറിൽ ഔഷധ നിർമ്മാണത്തിനാവശ്യമായ പുളി നട്ടുവളർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

24 (*384) ശ്രീ. എം. എ. ബേബി :
ശ്രീമതി കെ. എസ്. സലീഖ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം, ഛത്തീസ്ഗഢ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തിയിരുന്നോ;

(ബി) ഉണമേന്മ ഇല്ലാത്തതും ഹാനികരവുമായ മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും വില്പന തടയാൻ ബോർഡിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly